ഉത്തരം

(എ) ഇല്ല.

(ബി) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കി വരുന്ന റോഡുവികസന പദ്ധതി (കെ. എസ്. ടി. പി.)-യുടെ ഭാഗമായ പെർഫോർമൻസ് ബേസ്ഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് പദ്ധതി എന്ന ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 100 കി. മീ. റോഡുകൾ തെരഞ്ഞെടുക്കുന്ന നടപടികൾ ഗവൺമെന്റ് തന്നെ പുനഃപരിശോധിക്കണമെന്ന് കോടതി പറഞ്ഞിരുന്നു. സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച കേസ് കോടതി 14-1-2004-ൽ തള്ളി.

നാഷണൽ ഹൈവേ 17-ന്റെ വികസനം

34 [586] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവേ 17-ന്റെ വികസനത്തിന് കഴിഞ്ഞ വർഷം എന്തു തുക ചെലവാക്കി;

(ബി) ഈ വർഷം എന്തു തുക ചെലവാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) കാസർഗോഡ് ഡിവിഷനുകീഴിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും എന്തെല്ലാം പ്രവർത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 4803.05 ലക്ഷം രൂപ.

(ബി) 4181.92 ലക്ഷം രൂപ.

(സി) വിശദവിവരം ചുവടെ ചേർക്കുന്നു:

നമ്പർ	*പ്രവൃത്തിയുടെ പേര്*	*തുക (രൂപ)*
1.	(a) 75mm BUSG and 20MM MSS Type A കി. മീ. 52/350 മുതൽ 63/00 വരെ (a) 75mm BUSG and 20MM MSS Type A കി. മീ. 94/00 മുതൽ 104/00 വരെ	369 ലക്ഷം
2.	പടന്നക്കാട്, പള്ളിക്കര മേൽപ്പാലങ്ങൾ ..	500 ലക്ഷം
3.	വെള്ളൂർ പാലം ..	400 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly